Ppt on the Relevance on People's Biodiversity Register (68)

## എന്താണ് ജനകീയ ജൈവവൈവിധ്യരജിസ്റ്റർ (PBR)?



ഒരു പ്രദേശത്തെ ജൈവവൈവിധ്യത്തെയും അവയുടെ സംരക്ഷ ണത്തെയും ഉപയോഗത്തെയും സംബന്ധിച്ചുള്ള ജനങ്ങളുടെ അറിവും കാഴ്ചപ്പാടും ജനങ്ങൾ തന്നെ പുസ്തകരൂപത്തിൽ രേഖ പ്പെടുത്തുന്നതാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ

## ജനകീയ ജൈവവൈവിധ്യരജിസ്റ്റർ എന്തിനുവേണ്ടി?

- ജൈവവൈവിധ്യസംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി
- ജൈവവിഭവങ്ങളെ തിരിച്ചറിഞ്ഞ് അവയെ സുസ്ഥിരമായ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിന്
- നാശം അഭിമുഖീകരിക്കുന്ന വിഭവങ്ങളെ/ജനുസ്സുക്കളെ തിരിച്ചറിഞ്ഞ് അവയുടെ സംരക്ഷണ പ്രവർത്തനത്തിന് ആക്കം കൂട്ടുന്നതിന്
- ജനിതകചോർച്ച തടയുന്നതിന്
- പരിസ്ഥിതി സംരക്ഷണത്തിലൂന്നിയ വികസന പ്രവർത്തനങ്ങൾക്ക് രൂപ രേഖ തയ്യാറാക്കുന്നതിന്
- പരമ്പരാഗത കൃഷിരീതികളും നാട്ടറിവുകളും പ്രയോജനപ്പെടുത്തുകയും അവ പുതിയ തലമുറകളിലേക്ക് പകർന്നുകൊടുക്കുകയും ചെയ്യുന്നതിനു വേണ്ടി
- ജൈവവിഭവങ്ങളുടെ സുസ്ഥിരവും ന്യായവുമായ ഉപയോഗത്തിലൂടെ പാവപ്പെട്ട ജനങ്ങളുടെ ഭക്ഷ്യസുരക്ഷ, സാമൂഹ്യസുരക്ഷ, സാമ്പത്തികസു രക്ഷ എന്നിവ കൈവരിക്കുന്നതിന്
- പരിസ്ഥിതി അവബോധം സൃഷ്ടിച്ച് ജനകീയ കൂട്ടായ്മയോടെ ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിന്
- പ്രകൃതിയെയും പരിസ്ഥിതിയെയും പറ്റി ആഴത്തിൽ മനസ്സിലാക്കുന്നതിന്



Intranet

by Raveendran.

## ജനകീയ ജൈവവൈവിധ്യരജിസ്റ്റർ നിർമ്മാണ ഘട്ടങ്ങൾ







1. BMC രൂപീകരണവും വിവരദായകരുടെ പേരുവിവരങ്ങൾ ശേഖരിക്കലും
2. ഗ്രാമസഭ വിളിച്ചുചേർക്കൽ, PBR നെ സംബന്ധിച്ച് വിശദീകരിക്കൽ
3. ജൈവവൈവിധ്യസംരക്ഷണസേനയെ (Conservation Crops) തയ്യാറാക്കൽ/പരിശീലനം നൽകൽ
4. വിവരശേഖരണത്തെ സംബന്ധിച്ച് ഫീൽഡ് പരിശീലനം/സർവ്വേ
5. ശേഖരിച്ച വിവരങ്ങളുടെ വിശകലനം, PBR Fair Copy തയ്യാറാക്കൽ
6. വിവരദാദാക്കൾക്ക് അംഗീകാരവും പ്രതിഫലം നൽകലും
7. തദ്ദേശ പൈതൃക കേന്ദ്രങ്ങൾ തെരെഞ്ഞെടുക്കൽ
8. PBR പഞ്ചായത്തു സമിതിയെ ഔദ്യോഗികമായി ഏൽപ്പിക്കൽ
9. ജൈവവിഭവങ്ങളുടെ സംരക്ഷണത്തിനും അവയുടെ സുസ്ഥിര ഉപയോഗത്തിനുമായി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കൽ

## BMC അംഗങ്ങൾ

1. പഞ്ചായത്ത് പ്രസിഡണ്ട്
2. മറ്റ് പഞ്ചായത്ത് ബോർഡ് അംഗങ്ങൾ
3. കർഷകർ
4. സ്ത്രീകൾ
5. ശാസ്ത്രജ്ഞർ
6. നിയമജ്ഞർ



**ഒരു ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിൽ ഉണ്ടായിരിക്കേണ്ട വിവരങ്ങൾ**

1. പഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ (വിസ്തൃതി, മണ്ണിന്റെ സ്വഭാവം ഭൂമിയുടെ ഘടന, ജനസംഖ്യ(ഇനം തിരിച്ച്), മൃഗങ്ങൾ (ഇനം തിരിച്ച്), ജനങ്ങളുടെ തൊഴിൽ, പാരമ്പര്യ സ്ഥാപനങ്ങൾ, സാമൂഹ്യവ്യവസ്ഥിതിയുടെ ഏകദേശ ചിത്രം)
2. ജൈവവൈവിധ്യത്തെ സംബന്ധിച്ച വിശദവിവരങ്ങൾ
3. പ്രാദേശിക പരിസ്ഥിതിചരിത്രം
4. പാരമ്പര്യചികിത്സാരീതികൾ, ചികിത്സകർ
5. പരമ്പരാഗത ജൈവസംരക്ഷണ മാർഗ്ഗങ്ങൾ/വിശ്വാസങ്ങൾ
6. ജൈവവിഭവങ്ങളിൽ നിന്നും ഏതെല്ലാം തരത്തിലുള്ള സാമ്പത്തിക പ്രയോജനങ്ങൾ ലഭിക്കുന്നു എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ
7. പഞ്ചായത്തിന്റെ ഭൂപടം
8. വിവരദാതാക്കളുടെയും, വിവരംശേഖരിച്ചവരുടെയും വിവരങ്ങൾ

## വിവരശേഖരണരീതികൾ







- ഗ്രാമീണരെ സമീപിക്കലും വിശ്വാസ്യതനേടലും
- മുൻകൂട്ടിയുള്ള അനുവാദം വാങ്ങൽ
- വ്യക്തിഗത അഭിമുഖങ്ങൾ
- സംഘ അഭിമുഖങ്ങൾ
- PRA/ഭൂചിത്രം രേഖപ്പെടുത്തൽ
- സാമൂഹ്യ ഹെർബേറിയം തയ്യാറാക്കൽ
- വീടുവീടാന്തരമുള്ള സർവ്വേ

